**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5625** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഡിപ്ലോമ ക്വാട്ടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുമ്പോൾ തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷന് പരിഗണിക്കാറുണ്ടോ; എങ്കിൽ എത് തീയതി വരെ ഇത്തരത്തിൽ പ്രമോഷൻ നല്കിയെന്നും ആയതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ജലസേചനവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും തസ്തികമാറ്റനിയമനം മുഖേനയും 6:4 എന്ന അനുപാതത്തിൽ നികത്താനാണ് കേരള ഇറിഗേഷൻ എഞ്ചിനീയറിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പി.എസ്.സി വഴി നേരിട്ടുള്ള നിയമനം നേടിയ ഡിപ്ലോമാക്കാരെയും ഒന്നാംതരം ഓവർസിയർ തസ്തികയിൽ പ്രവേശിച്ച ശേഷം പിന്നീട് ഡിപ്ലോമ നേടിയവരെയും ഉൾപ്പെടുത്തി തയ്യാറാക്കിയ ഡിപ്ലോമ ക്വാട്ടയിലുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാരിൽ നിന്നും, സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ഒന്നാംതരം ഓവർസിയർമാരിൽ നിന്നും 3:1 എന്ന അനുപാതത്തിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നികത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 3:1 എന്ന അനുപാതത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പ്രകാരം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നൽകി വരുന്നു. 29/05/2021 തീയതിയിലെ എ3/5000/2020 നമ്പർ ഉത്തരവ് പ്രകാരം ഡിപ്ലോമാ കാറ്റഗറിയിൽ നിന്നും 41 ഒന്നാം തരം ഓവർസിയർമാർക്കും സർട്ടിഫിക്കറ്റ് കാറ്റഗറിയിൽ നിന്നും 28 ഓവർസിയർമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള പ്രസ്തുത ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ഇപ്രകാരം ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് അധികാരം നൽകുന്ന സർക്കാർ ഉത്തരവോ കത്തോ കോടതി | (ബി) | ഡിപ്ലോമ യോഗ്യത നേടിയവരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷനിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം ലഭിച്ച ഒന്നാം ഗ്രേഡ് ഓവർസിയർമാർ, ഒന്നാം തരം ഓവർസിയർമാരായതിനു ശേഷം ഡിപ്ലോമാ |

| | | | |
|---|---|---|---|
| | ഉത്തരവോ മറ്റേതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | | യോഗ്യത നേടിയവർ എന്നിവരെ കേരള ഇറിഗേഷൻ എഞ്ചിനീയറിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ലെ മാനദണ്ഡങ്ങൾ പ്രകാരം ഡിപ്ലോമാ ക്വാട്ടയിൽ പരിഗണിച്ച് ഡിപിസിയുടെ തീരുമാനപ്രകാരമുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സർക്കാർ ഉത്തരവോ കത്തോ കോടതി ഉത്തരവോ മറ്റേതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇല്ലാതെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള പ്രമോഷൻ നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ ഒഴിവാക്കി എന്ന കണക്ക് നൽകാമോ; | (സി) | പിഎസ് സി മുഖാന്തിരം നേരിട്ട് നിയമനം ലഭിച്ച ഒന്നാം ഗ്രേഡ് ഓവർസിയർമാർ , (directees) ഒന്നാം തരം ഓവർസിയർമാരായതിനു ശേഷം ഡിപ്ലോമാ യോഗ്യത നേടിയവർ എന്നിവരിൽ നിന്നും ആരെയും ഒഴിവാക്കിയിട്ടില്ല. G.O(Ms)No.1390ലെ മാനദണ്ഡങ്ങൾ പ്രകാരം ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിൽ നിന്നും ഒന്നാം ഗ്രേഡ്ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി വരുന്നു. |
| (ഡി) | ഇപ്രകാരം ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസീയർമാരെ ഡിപ്ലോമ ക്വാട്ടയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷനിൽ നിന്നും ഒഴിവാക്കാമെന്നത് സംബന്ധിച്ച് ഇറിഗേഷൻ ലോ ഓഫീസറുടെയോ നിയമവകുപ്പിന്റെയോ ഉപദേശം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ/ ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഡിപ്ലോമ ക്വാട്ട വഴി പ്രവേശിച്ച ഡിപ്ലോമാ യോഗ്യത നേടിയ ഒന്നാംതരം ഓവർസീയർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൻ നിന്നും ഒഴിവാക്കാമെന്നത് സംബന്ധിച്ച് ഇറിഗേഷൻ ലോ ഓഫീസറുടെയോ നിയമവകുപ്പിന്റെയോ ഉപദേശം ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ